# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4149 16.05.17 ൽ മറുപടിയ്ക്ക്

**ഓട്ടോറിക്ഷകളിലെ അമിത ചാർജ്ജ്**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഓട്ടോറിക്ഷകളിലെ മീറ്റർ ഇടാതെ അമിത നിരക്ക് ഭീഷണിപ്പെടുത്തി തട്ടിയെടുത്ത് യാത്രക്കാരെ,പ്രത്യേകിച്ച് സ്ത്രീകളെ കഷ്ടപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അമിത നിരക്ക് ഈടാക്കുന്നതുമായി ബന്ധപ്പെട്ടുളള പരാതികൾ ലഭിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഈ ഓട്ടോകൾക്കെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ മോട്ടോർവാഹന നിയമം അനുശാസിക്കുന്ന തരത്തിലുളള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | ഇങ്ങനെ തട്ടിപ്പ് നടത്തുന്ന ഓട്ടോകളുടെ പെർമിറ്റുകൾ തിരിച്ച് കൊടുക്കുവാൻ പറ്റാത്ത തരത്തിൽ റദ്ദുചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ക്രമക്കേട് വിലയിരുത്തിയ ശേഷമേ ഇക്കാര്യം പരിഗണിയ്ക്കാൻ കഴിയൂ. |
| (ഡി) | മിക്ക ഓട്ടോറിക്ഷാ ഡ്രൈവർമാരും മീറ്ററിലെ ചാർജ് കൂടാതെ ഇതിന്റെ ഇരട്ടി തുക റിട്ടേൺ കൂലി എന്ന് പറഞ്ഞ് വാങ്ങി യാത്രക്കാരെ വലയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഓരോ സ്ഥലങ്ങളിൽ ഓടുന്ന ഓട്ടോറിക്ഷകളിൽ തന്നെ പ്രദേശത്തെ വിവിധ സ്ഥലങ്ങളിലേയ്ക്കുള്ള കൂലി വിവരം പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ദൂരത്തിനനുസരിച്ചുളള കൂലി വിവരം പ്രദർശിപ്പിക്കുന്ന ചാർട്ടുകൾ ഓട്ടോറിക്ഷകളിൽ ഇപ്പോൾ തന്നെ പ്രദർശിപ്പിച്ചിട്ടുണ്ട്. സ്ഥലമനുസരിച്ചുളള ചാർജ്ജ് കാണിക്കുന്ന സംവിധാനം നടപ്പിലാക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ